# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കണിച്ചാർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2020-2021**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കണ്ണൂർ**
**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**
**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി11/656/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 01/06/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണിച്ചാർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/കെഎൻആർ/സി11/656/22 തീയ്യതി: 01/06/2022

## കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-01-2020 മുതൽ 10-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 20-01-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 11-04-2022 | 28-04-2022 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-04-2022 | 28-04-2022 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ -ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീ.ഷിജു.എ -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഉഷ.എ -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുമതി.ടി.ഒ - സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സെലിൻ മാണി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.ആന്റണി സെബാസ്റ്റ്യൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ബാബു തോമസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോർജ്ജ്.കെ.ജെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ജോൺസൺ പോൾ | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ.സദാനന്ദൻ.എ | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2020 | 31-03-2021 |
| ഡോ.സരിത.എ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 04-03-2021 |
| ഡോ.ഹരിപ്രിയ.എച്ച് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 05-03-2021 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.മനോജ്.ഇ.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി.ബിന്ദു | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.സാദിഖ്.എസ്.സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 03-08-2020 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 04-08-2020 | 12-08-2020 |
| ശ്രീമതി.നിഷ.പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 13-08-2020 | 31-03-2021 |
| ശ്രീ.സുരേഷ് കുമാർ.സി.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-01-2021 |
| ശ്രീ.വിഷ്ണു.ബി.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-02-2021 | 31-03-2021 |
| ശ്രീമതി.ഗീത.സി.കെ | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി.അശ്വതി.കെ.ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 15-02-2021 |
| ശ്രീമതി.പ്രവീണ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 16-02-2021 | 31-03-2021 |
| ശ്രീമതി.ഷൈമ.കെ | വി ഇ ഒ (കണിച്ചാർ സെക്ഷൻ) | 01-04-2020 | 31-03-2021 |
| ശ്രീ.മനോജ്.സി.വി | വി ഇ ഒ (കൊളക്കാട് സെക്ഷൻ) | 01-04-2020 | 31-03-2021 |

ശ്രീ.ബാബു തോമസ് (സെക്രട്ടറി), ശ്രീ. ജോർജ്ജ്.കെ.ജെ (കൃഷി ഓഫീസർ), ശ്രീ.സുരേഷ് കുമാർ.സി.വി (അസി. എഞ്ചിനീയർ) എന്നീ ഉദ്യോഗസ്ഥരെ 12.11.2020 മുതൽ 29.12.2020 വരെ ഭരണ നിർവ്വഹണ കമ്മിറ്റി അംഗങ്ങളായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ | 1-2-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതിഅവലോകനം | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | സാമൂഹ്യസുരക്ഷ പെൻഷൻ  വിതരണത്തിലെ അപാകങ്ങൾ | 1-7-1 |
| 9 | ഫാമിലി പെൻഷൻ  വാങ്ങുന്നവർ  അനർഹമായി കൈപ്പറ്റിയ സാമൂഹ് സുരക്ഷ പെൻഷൻ  തിരിച്ചടക്കാത്തത് | 1-7-2 |
| 10 | ക്ഷേമപദ്ധതികൾ | 1-7 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | ഗ്രാമസഭ | 1-10 |
| 14 | കരാറുകാരിൽ  നിന്നും തൊഴിൽ  നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 15 | ജീവനക്കാരിൽ  നിന്നും തൊഴിൽ  നികുതി ഈടാക്കിയിട്ടില്ല. | 1-12 |
| 16 | സേവന ഉപനികുതി ചുമത്തിയിട്ടില്ല | 1-13 |
| 17 | ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ  ഒഴിഞ്ഞ് കിടക്കുന്നു | 1-14 |
| 18 | എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് - ട്രെയ്ഡേഴ്സ് ലിസ്റ്റ് പൂർണമല്ല | 1-15 |
| 19 | ദുരന്ത നിവാരണ പ്രവർത്തനങ്ങൾ | 1-16 |
| 20 | ഐ കെ എം വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-17 |
| 21 | കമ്പ്യൂട്ടർ  ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ  എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ  സൂക്ഷിച്ചിട്ടില്ല | 1-18 |
| 22 | ക്യാഷ് ബുക്ക് സൂക്ഷിപ്പിലെ അപാകങ്ങൾ | 1-19 |
| 23 | കുഴൽ  കിണർ  നിർമ്മാണം-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-20 |
| 24 | വിവാഹ ധനസഹായം-അപേക്ഷകൾകൃത്യമായ പരിശോധനയ്ക്ക് വിധേയമാക്കാത്തത് | 1-21 |
| 25 | സുഭിക്ഷ കേരളം പദ്ധതി-ഇടവിളകൃഷി - വിതരണത്തിലെ അപാകം-ചെലവ് തുക 183550 തടസ്സപ്പെടുത്തുന്നു | 1-22 |

| | | |
|---|---|---|
| 26 | ഫലവൃക്ഷതൈകൾ വിതരണം-എസ് .ടി -സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 1-23 |
| 27 | തെങ്ങ് കൃഷിക്ക് ജൈവവളം -രേഖകളുടെ അഭാവത്തിൽ ചെലവ് 200000 തടസ്സപ്പെടുത്തുന്നു | 1-24 |
| 28 | പാലിന് സബ്സിഡി-രേഖകൾ ഹാജരാക്കാത്തത്-₹ 8,00,000 തടസ്സപ്പെടുത്തുന്നു | 1-25 |
| 29 | ആട് വളർത്തൽ-രേഖകളുടെ അഭാവത്തിൽ ചെലവ് ₹50000 തടസ്സപ്പെടുത്തുന്നു. | 1-26 |
| 30 | കറവ പശുവിനെ വാങ്ങൽ-വായ്പാ രേഖകളുടെ അഭാവത്തിൽ ചെലവ് 350000 തടസ്സപ്പെടുത്തുന്നു. | 1-27 |
| 31 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-28 |
| 32 | കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റൻസിനുള്ള വിഹിതം നൽകൽ- രേഖകൾ ഹാജരാക്കിയിട്ടില്ല ചെലവ് തുക ₹25000 തടസ്സപ്പെടുത്തുന്നു | 1-29 |
| 33 | കുടിവെള്ള ടാങ്ക് വിതരണം -സബ്സിഡി തുകയിൽ അധികമായി നൽകിയത് ₹5990 നിരാകരിക്കുന്നു | 1-30 |
| 34 | പാലിയേറ്റീവ് കെയർ മാനേജിംഗ് കമ്മിറ്റി (പി.എം.സി) യഥാസമയം യോഗം ചേരുന്നില്ല | 1-31 |
| 35 | ഇ-ടെണ്ടർ -ഫീ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാത്തത് | 1-32 |
| 36 | കൊളക്കാട് കുരിശുമല പുളിഞ്ചോട് റോഡ് ടാറിങ്-അപാകതകൾ | 1-33 |
| 37 | കൊളക്കാട് വടക്കേ മുളഞ്ഞിനാൽ കുരിശുമല റോഡ് റീ ടാറിങ് -അപാകതകൾ | 1-34 |
| 38 | തുടർ സാക്ഷരത-അപാകതകൾ | 1-35 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കുടിവെള്ള ടാങ്ക് വിതരണം -സബ്സിഡി തുകയിൽ അധികമായി നൽകിയ ₹5990 നിരാകരിക്കുന്നു | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക്നൽകിയതുകയുടെവിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻഅഡ്വാൻസ് നൽകിയതിന്റെവിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച വിവരങ്ങൾ | 4-8 |
| 9 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| ബജറ്റ് | | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണസമിതി തീരുമാനം & തിയ്യതി | 39/20 Dt.11.03.2020 | 43/21 Dt. 23.02.2021 |
| ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം നം.തീയതി | 11/20 Dt.22.2.20 | 16/21 Dt. 16.02.2021 |
| മുന്നിരിപ്പ് | 676081 | 676081 |
| വരവ് | 163369000 | 160547000 |
| ആകെ | 164045081 | 161223081 |
| ചെലവ് | 163479296 | 160657296 |
| നീക്കിയിരിപ്പ് | 565785 | 565785 |

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ അംഗീകരിച്ച ബജറ്റ് 7.3.2020 ന് ഭരണസമിതിയിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത്, യാതൊരു ഭേദഗതിയും കൂടാതെ അംഗീകരിച്ചു. പുതുക്കിയ ബജറ്റ് ഭരണസമിതി മിനുട്ട്സിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. 16.2.2021ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം അംഗീകരിക്കുന്നു എന്നു മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ജെൻഡർ ബജറ്റ്, പെർഫോർമൻസ് ബജറ്റ് മുതലായവ തയ്യാറാക്കിയിട്ടില്ല.

## 1-2-1 വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ

1- മുൻകൂർ നൽകിയതിൽ രജിസ്റ്ററും, വാർഷിക ധനകാര്യ പത്രികയും തമ്മിലുള്ള വ്യത്യാസം താഴെ പറയുന്നു.

| ഇനം | വാർഷിക ധനകാര്യ പത്രിക- RP-47പ്രകാരം | വാർഷിക ധനകാര്യ പത്രിക- B-18 പ്രകാരം | രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| MGNREGA | 51343 | | 198962 | 147619 |
| അദർ അഡ്വാൻസസ് 460100199 | 676787 | | 1397032 | 720245 |
| 460100103 | 469389 | | 547365 | 77976 |
| 460500501 | 227530 | | 188200 | 39330 |
| അദർ അഡ്വാൻസസ് 460100199 | | 787697 | 817537 | 29840 |

ഹെഡ് തെറ്റിയതാണെന്നും ലഡ്ജർ വച്ച് ശരിയാക്കി എന്നുമാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (5/19.4.22) മറുപടി നൽകിയത്. മുൻകൂർ രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണ്.

2- മുൻകൂർ രജിസ്റ്ററിൽ ഓരോ ഇനത്തിലും നൽകുന്ന മുൻകൂർ ഇനം തിരിച്ച് എഴുതുന്നില്ല. അതിനാൽ രേഖപ്പെടുത്തിയ തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല. സംക്ഷിപ്തം മാത്രം ഇനം തിരിച്ച് എഴുതിയിട്ടുണ്ട്.

3-ലൈഫ് ഭവന പദ്ധതി വായ്പ വരവ് -ചെലവ്, തിരിച്ചടവ് രജിസ്റ്റർ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

4-വാർഷിക ധനകാര്യ പത്രികB9-ലെ തുകയും യഥാർത്ഥ വൗച്ചറും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസമുള്ള തുക കുടിശ്ശിക ശമ്പളത്തിലീടാക്കിയതാണ്. തുക ഇതുവരെ അതാത് സ്ഥാപനത്തിലേയ്ക്ക് ഒടുക്കിയിട്ടില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക B9 | വൗച്ചർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| പെൻഷൻ കോൺട്രിബ്യൂഷൻ | 88025 | 76761 | 192 |
| എൽ ഐ സി | 20519 | 18887 | 1632 |

5- B-4 ഷെഡ്യൂളിൽ ഉൾപ്പെട്ട ചെലവഴിക്കാൻ അവശേഷിക്കുന്ന തുക, B17-ലെയും, RP-40(b)യിലെയും തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക- B-4 | വാർഷിക ധനകാര്യ പത്രിക- B17&RP-40(b) | വ്യത്യാസം |
|---|---|---|---|
| ശുചിത്വം | 460269 | 521895 | 61626 |
| ഐ സി ഡി എസ് | 800632 | 39035 | 761597 |
| സംയുക്ത പ്രോജക്ട് | 16,05,645 | 29,645 | 15,76,000 |

മേൽ പരാമർശിച്ച ശുചിത്വം,ഐ സി ഡി എസ്, സംയുക്ത പ്രോജക്ട് എന്നീ ഇനങ്ങളിലെ വ്യത്യാസമുള്ള തുക അക്കൗണ്ട് ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

6- B-9ൽ അദർ ലയബിലിറ്റി തുകയിൽ ബാങ്ക് അക്കൗണ്ടിലുള്ള തിരിച്ചറിയാത്ത തുകകൾ ഉൾപ്പെട്ടിട്ടുണ്ട്. ഇവയുടെ കൃത്യമായ വിവരം ലഭ്യമാക്കിയിട്ടില്ല.

7-2020-21 വർഷത്തെ ബാങ്ക്/ട്രഷറി പ്രതിമാസ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എല്ലാ മാസങ്ങളിലും വച്ചിട്ടില്ല, ചില മാസങ്ങളിലേത് ഒഴിവായിട്ടുണ്ട്.

8- മുൻ വർഷത്തെ സ്ഥിരാസ്തിയിലെ (B- 11 ഷെഡ്യൂളിൽ -ബിൽഡിംഗ് -അദേഴ്സ്, റോഡ്സ് -ടാർഡ്, ബ്രിഡ്ജസ് മുതലായ തുകയോട് ഈ വർഷത്തെ RP-38 ലെ തുക കൂട്ടിയാൽ ഈ വർഷത്തെ (B- 11ഷെഡ്യൂളിൽ) തുക ലഭിക്കുന്നില്ല.

9- B-3യിൽ മുൻ മുൻവർഷത്തെ തുക തന്നെ ആവർത്തിച്ചിരിക്കുന്നു. B-11+B-11(a)=B-3

ലഭിക്കുന്നില്ല. വ്യത്യാസത്തിനുള്ള കാരണം, തനത് ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തികളുടെ വിവരം എന്നിവ ലഭ്യമാക്കുക.

10-ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

11-ടെണ്ടർ ഫോറം വരവായ് ₹59,100 വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഒന്നുമില്ല.

12-2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62എഫ് പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

13- 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല.

14- ഇ ടെണ്ടർ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുകകൾ ക്രെഡിറ്റ് ചെയ്യുന്നതിന് LSGD എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് മുഖാന്തിരം ലഭിക്കുന്ന തുക കിട്ടാനുള്ള തുകയായി കണക്കാക്കി ഷെഡ്യൂൾ B-15 (Sundry Debtors Receivables) ൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

കണിച്ചാർ ഗ്രാമ പഞ്ചായത്തിന്റെ 15.5.2021ലെ 2/75(1)/2021 നമ്പർ ഭരണസമിതി തീരുമാന പ്രകാരം വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 27.05.2021 | തിരിച്ചയച്ചിട്ടില്ല |

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 84,69,321.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,81,10,052.00 |
| ആകെ | 5,74,33,368.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 48,11,0052 .00 |
| നീക്കിയിരിപ്പ് | 93,23,316.00 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5990 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1608550 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | | | 11148750 | 11148750 | 10382191 | 766559 |
| വികസന ഫണ്ട് എസ്.സി.പി | | | 6,34,000 | 6,34,000 | 566271 | 67729 |
| ടി എസ് പി | | | 39,19,000 | 39,19,000 | 3257151 | 661849 |
| മെയിന്റനൻസ് റോഡ് | | | 87,32,000 | 87,32,000 | 87,32,000 | 0 |
| മെയിന്റനൻസ് നോൺറോഡ് | | | 34,56,681 | 34,56,681 | 21,32,204 | 13,24,477 |
| ധനകാര്യ കമ്മീഷൻ അവാർഡ്-ബേസിക് | | | 8732625 | 8732625 | 5745183 | 2987442 |
| ധനകാര്യ കമ്മീഷൻ അവാർഡ്-ടൈഡ് | | | 43,40,000 | 43,40,000 | 5,94,918 | 37,45,082 |
| എംജി എൻ ആർ ഇജി എസ് | ഭരണചെലവ് | 2747 | 6,22,555 | 625302 | 6,23,009 | 2293 |
| | തൊഴിലാളികളുടെ കൂലി, സാധന സാമഗ്രികളുടെ ചെലവ് | | 33527795 | 33527795 | 33527795 | |
| ITDP-BRGF | | 5,88,145 | 0 | 5,88,145 | 0 | 5,88,145 |
| ശുചിത്വം | | 442474 | 17795 | 460269 | 0 | 460269 |
| ഐസിഡിഎസ് | | 5,98,880 | 365357 | 964237 | 1,63,605 | 800632 |
| എസ് എസ് എ | | 848 | 0 | 848 | 0 | 848 |
| WDGP | | 3,70,532 | 13,080 | 383612 | 0 | 383612 |
| LOCAL AREA DEVELOPMENT SCHEME | | 69,368 | 1730 | 71098 | 0 | 71,098 |
| സ്വച്ഛ് ഭാരത് മിഷൻ | | 2,55,000 | 0 | 2,55,000 | 0 | 2,55,000 |
| സാക്ഷരത | | 6172 | 123 | 6295 | 0 | 6295 |
| ശുചിത്വമിഷൻ | | 15,79,230 | 1745363 | 33,24,593 | 1302625 | 2021968 |
| സ്റ്റേറ്റ് സ്പോൺസേഡ് | | 17870 | 0 | 17870 | 0 | 17870 |
| സ്പെസിഫിക് പർപ്പസ് (ലൈഫ്ലോൺ, ചാലഞ്ച് ഫണ്ട്,സാമൂഹ്യ നീതി വകുപ്പ്) | | 160995 | 1542294 | 17,03,289 | 920000 | 783289 |
| ബൂത്ത് ക്രമീകരണം | | | 19500 | 19500 | 19500 | 0 |
| വിദ്യാസഹായി | | | 2,40,000 | 2,40,000 | 2,40,000 | 0 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. എസ്എസ്എ, സ്വച്ഛ് ഭാരത് മിഷൻ, സ്റ്റേറ്റ് സ്പോൺസേഡ് എന്നീ ഇനങ്ങളിൽ നീക്കിയിരിപ്പുള്ള തുക വിനിയോഗിക്കാൻ സാധ്യതയില്ലെങ്കിൽ തിരിച്ചടക്കേണ്ടതാണ്.

## 1-5 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 200 | 7,52,09,793 | 146 | 3,59,75,355 | 107 | 39 | 54 | 73 |

.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷിഓഫീസർ | 16,26,713 | 12 | 13,80,162 | 12 | 85 |
| 2 | വെറ്റിനറിസർജൻ | 39,48,800 | 10 | 18.04,530 | 9 | 46 |
| 3 | മെഡിക്കൽഓഫീസർ (പിഎച്ച്സി) | 11,07,986 | 7 | 7,11,760 | 6 | 64 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 5,00,000 | 1 | 5,00,000 | 1 | 100 |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2,00,000 | 1 | 2,00,000 | 1 | 100 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കണിച്ചാർ) | 2,53,77,550 | 11 | 41,26,000 | 9 | 16 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കൊളക്കാട്) | 23,76,020 | 7 | 11,46,320 | 4 | 48 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 42,64,569 | 10 | 29,60,590 | 8 | 69 |
| 9 | സെക്രട്ടറി | 46,17,174 | 33 | 29,26,458 | 13 | 63 |
| 10 | അസിസ്റ്റന്റ്എഞ്ചിനീയർ | 2,66,20,070 | 84 | 1,75,06,802 | 64 | 66 |

| | | | | | | |
|---|---|---|---|---|---|---|
| 11 | അസിസ്റ്റന്റ്സെക്രട്ടറി | 14,40,880 | 8 | 6,92,490 | 5 | 48 |
| 12 | ഹെഡ്മാസ്റ്റർ | 16,84,031 | 14 | 12,20,243 | 13 | 72 |
| 13 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2,46,000 | 1 | 0 | 0 | 0 |
| 14 | ഡയറി ഫാം ഇൻസ്ട്രക്ടർ | 12,00,000 | 1 | 8,00,000 | 1 | 67 |
| | | 7,52,09,793 | 200 | 3,59,75,355 | 146 | 48 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| എംജിഎൻആർഇജിഎസ് | ഭരണചെലവ് | 2,747 | 6,22,555 | 6,25,302 | 6,23,009 | 2,293 |
| | തൊഴിലാളികളുടെ കൂലി, സാധന സാമഗ്രികളുടെ ചെലവ് | | 33527795 | 33527795 | 33527795 | |
| ആകെ | | 2,747 | 3,41,50,350 | 3,41,53,097 | 3,41,50,804 | 2,293 |

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം കണിച്ചാർ ഗ്രാമപഞ്ചായത്തിൽ ആകെ 3150 കുടുംബങ്ങൾ തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 1317 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. എന്നാൽ 512 കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിവസം പൂർണ്ണമായും തൊഴിൽ നൽകാൻ സാധിച്ചിട്ടുള്ളത്. ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച 350 പദ്ധതികളിൽ 229 പദ്ധതികൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ 93352 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

## 1-7-1 സാമൂഹ്യസുരക്ഷ പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് 2019-20, 2020-21 വർഷം കണിച്ചാർ ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോൾ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഉദാഹരണം താഴെ കൊടുക്കുന്നു.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | ഡെത്ത് രജിസ്ട്രേഷൻ നം & തീയതി | മരണപ്പെട്ട തീയതി | പെൻഷൻ തരം | പെൻഷൻ വിതരണം ചെയ്തതിന്റെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | വിവരങ്ങൾ |
| മേരി | 451638817331 | 111700200610 | 69/19 Dt.30.11.2019 | 26.11.2019 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 9/20 വരെ |
| വർക്കി കെ.സി | 696231856699 | 111700201246 | 11/20 Dt.22.1.20 | 13.1.2020 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം | 10/20 വരെ |
| ത്രേസ്യ | 618693427125 | 111700200174 | 26/20 Dt26.5.2020 | 18.5.20 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം | 10/20 വരെ |
| സീത | 427558667026 | 111700200339 | 38/20 Dt28.7.20 | 17.7.20 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം | 10/20 വരെ |
| കുമാരൻ | 762937252957 | 111700200975 | 62/20 Dt28.12.20 | 14.11.20 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം | 12/20 വരെ |
| മാരൻ | 731981144347 | 111700100044 | 8/21 Dt2/2/21 | 7.1.21 | കർഷക തൊഴിലാളി പെൻഷൻ | 5/21 വരെ |

| | | | | | | |
|---|---|---|---|---|---|---|
| ത്രേസ്യാമ്മ | 588636385837 | 111700600451 | 12/21 Dt 10.2.21 | 1.2.21 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻ ഷൻ സ്കീം | 5/21 വരെ |
| ജാനകി | 971786266905 | 111700200095 | 16/21 Dt 5.3.21 | 26.2.21 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻ ഷൻ | 5/21 വരെ |

മേൽ പരാമർശിച്ചവരുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടോയെന്നും അധികം അക്കൗണ്ട് ചെയ്ത രൂപ തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നുമുള്ളതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (29/28.4.2022) തുക തിരിച്ചടക്കുന്നതിന് ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും, നിലവിൽ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നുമാണ് മറുപടി നൽകിയത്. തൻവർഷം മരണപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുടെ കാര്യത്തിലും മരണശേഷം ഇപ്രകാരം പെൻഷൻ നൽകിയിട്ടുണ്ടോയെന്ന് പരിശോധിച്ച് അധിക തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-7-2 ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ് സുരക്ഷ പെൻഷൻ തിരിച്ചടക്കാത്തത്

പഞ്ചായത്ത് ഡയറക്ടറുടെ 4/3/2021 PAN/2566/2020-DBT1(DP)നം കത്ത് പ്രകാരം താഴെ പറയുന്ന ,സർവ്വീസ് പെൻഷൻ, ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷപെൻഷൻ തിരിച്ചടക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരോട് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത കത്ത് പ്രകാരം ഫാമിലി പെൻഷൻ (പെൻഷൻ പെയ്മെന്റ് ഓർഡർ നം-72511820) ലഭിക്കുന്ന ശ്രീമതി.ശാന്ത, W/O.ഗോവിന്ദൻ, കൊല്ലക്കൽകുനിയിൽ, കണിച്ചാർ (പിഒ) എന്നവർ കണിച്ചാർ ഗ്രാമ പഞ്ചായത്തിൽ നിന്നും അനർഹമായി വിധവ പെൻഷൻ ഇനത്തിൽ ₹ 68,100 കൈപ്പറ്റിയിട്ടുണ്ട്. ഇവർ ഇതുവരെ തുക തിരിച്ചടച്ചിട്ടില്ല. തുക തിരിച്ചടക്കുന്നതിനായി ശ്രീമതി.ശാന്ത എന്നവർക്ക് 26.3.21ന് B3-1278/21 നമ്പറിൽ പഞ്ചായത്തിൽ നിന്നും കത്തയച്ചിട്ടുണ്ട്. വിവരം 18.5.2021ന് B3-1278/21 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുമുണ്ട്.

ഇവർ തുക സാമൂഹ്യ സുരക്ഷ പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 13,00,700 | 92 |
| വിധവാപെൻഷൻ | 77,01,700 | 552 |
| വാർദ്ധക്യകാലപെൻഷൻ | 1,75,61,300 | 1388 |
| ഭിന്ന ശേഷി പെൻഷൻ | 23,59,100 | 169 |
| 50വയസ്സ് കഴിഞ്ഞവർക്കുള്ള അവിവാഹിതപെൻഷൻ | 3,62,200 | 28 |
| വിവാഹധനസഹായം | 1,50,000 | 5 |

ഗുണഭോക്താക്കളുടെഎണ്ണം പരിശോധിക്കാനാവശ്യമായ രേഖകൾ സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടില്ല. സ്ഥാപനം ഹാജരാക്കിയ വിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-04-2022ന് വൈകുന്നേരം 2.15ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനാ സമയത്ത് ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ കൃത്യമായ ജോലി വിഭജനം നടത്തി ചുമതലകൾ ഏൽപ്പിച്ചു വരുന്നുണ്ട്. കോവിഡ് 19 ലോക്ഡൗൺ ആയതിനാൽ 10/20 മുതലാണ് ജോലി പുരോഗതി വിലയിരുത്തുന്നതിനായി സ്റ്റാഫ് മീറ്റിങ്ങ് ചേർന്നു തുടങ്ങിയത്. മലയോര പഞ്ചായത്തായതിനാൽ വാഹനസൗകര്യത്തിന്റെ ക്ലേശകരമായ അവസ്ഥയുള്ളതിനാൽ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് പൊതുജനങ്ങൾക്ക് സേവനങ്ങൾ അതാത് ദിവസം തന്നെയോ, അല്ലെങ്കിൽ സേവന തീയതി നൽകിയോ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സ്റ്റാഫ് മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കാനുള്ള പ്രവർത്തനങ്ങളും ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി വിലയിരുത്തുന്നുണ്ട്. നികതി പിരിവ് 100% കൈവരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകി വരുന്നുണ്ട്.

## 1-10 ഗ്രാമസഭ

2020-21 സാമ്പത്തിക വർഷം 13 വാർഡുകളിലും 14-02-2021, 15-02-2021, 16-02-2021 തീയതികളിലായി ഗ്രാമസഭാ യോഗം ചേർന്നിട്ടുണ്ട്. വികസന പ്രവർത്തനങ്ങളുടെ ആസൂത്രണം,നിർവ്വഹണം, ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കൽ, പ്ലാസ്റ്റിക്ക് നിരോധനം, ശുചിത്വം, സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കൽ എന്നിവ ഗ്രാമസഭയിൽ മുഖ്യ അജണ്ടയായി ഉൾപ്പെടുത്തിയിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ വായിച്ച് അംഗീകരിക്കുന്നുണ്ട്.

## 1-11 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷത്തെ ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കരാറുകാരുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.

1. സന്ദീപ് .കെ.ജോസ്,കൊച്ചാപ്പിള്ളിൽ ഹൗസ്, കൊളക്കാട്(പി.ഒ)

2. ഷൈജു.കെ.എം,കരിക്കുന്നേൽ ഹൗസ്,കൊളക്കാട്

3. സന്തോഷ് പോൾ,ചെമ്പരത്തിക്കൽ ഹൗസ്,കൊളക്കാട്

4.തോമസ് കണ്ണന്താനത്ത്,പി.ഡബ്ല്യു.ഡി കോൺട്രാക്ടർ,ചുങ്കക്കുന്ന് (പി.ഒ)

5. കെസി.ജോസഫ്,കോട്ടുപറമ്പിൽ ഹൗസ്,കണിച്ചാർ

6. ജോസഫ്, വേളുപുഴക്കൽ ഹൗസ്, ചുങ്കക്കുന്ന് (പി.ഒ)

മുകളിൽ കൊടുത്ത കരാറുകാരിൽ നിന്നും 2020-21 വർഷം രണ്ട് അർദ്ധവർഷത്തിലും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 204 (1) (Ii) എ) (I) പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ ജോലി ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയമാകുമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇപ്രകാരം മേൽ പറഞ്ഞ കരാറുകാരിൽ നിന്നം തൊഴിൽ നികുതി ഒടുക്കിയിട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 18/25-04-2022) ആറ് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് രേഖാമൂലം കത്ത് നൽകിയിട്ടുണ്ടെന്നും തൊഴിൽ നികുതി ഒടുക്കിയാലുടൻ തന്നെ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | തസ്തിക | ജോലി ചെയ്യുന്ന സ്ഥാപനം | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|---|
| 1 | ശൈലജ പാട്ടാളി | പി.ടി.എസ് | കെ.എസ്.എഫ്.ഇ, കൊളക്കാട് | I,II |
| 2 | അബ്ദുൾ ബഷീർ.കെ | അസിസ്റ്റന്റ് മാനേജർ | | |

മേൽ പറഞ്ഞ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/21-04-2022) ലഭ്യമാക്കിയ മറുപടിയിൽ കെ.എസ്.എഫ്.ഇ. യിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. മേൽ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷത്തെയും തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-13 സേവന ഉപനികുതി ചുമത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് 1-ാംഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽനിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ,

ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവനഉപനികുതി ചുമത്താവുന്നതാണ്. ഓഡിറ്റ് വർഷങ്ങളിൽ വിവിധ പ്രൊജക്ടുകൾ വഴിയും നേരിട്ടും ശുചിത്വ പരിപാലനം, ജലവിതരണം, തെരുവിളക്കുകൾ ഡ്രെയിനേജ് എന്നിവക്കായി പണം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ചുമത്തി ഈടാക്കിയതായി കാണുന്നില്ല. സേവന ഉപനികുതി ചുമത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (നം.21/25-04-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. സേവന ഉപനികുതി ചുമത്തി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

## 1-14 ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ ഒഴിഞ്ഞ് കിടക്കുന്നു

2020-21 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 3/213 ബി, സി, ഡി, ഇ, എഫ്, ജി എന്നീ മുറികൾ ഒഴിഞ്ഞ് കിടക്കുകയാണ്. പ്രസ്തുത മുറികൾ പ്രവർത്തിക്കാതെ ഒഴിഞ്ഞ് കിടക്കാനുണ്ടായ സാഹചര്യവും മുറികൾ വാടകക്ക് നൽകുന്നതിന് ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടിയുടെ വിവരവും ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറിക്ക്(നം.27/27-04-2022) ലഭ്യമാക്കിയ മറുപടിയിൽ ഒഴിവുള്ള എല്ലാ മുറികളും ലേലവും പുനർലേലവും ചെയ്തെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തില്ല എന്നും ലേലം ചെയ്ത മുറിയിൽ നിന്ന് ആളുകൾ ഒഴിഞ്ഞ് പോകുന്നത് ഭരണ സമിതിയോഗം പരിശോധന നടത്തിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. ഒഴിഞ്ഞ് കിടക്കുന്ന മുറികൾ ലേലം ചെയ്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

## 1-15 എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് - ട്രെയ്ഡേഴ്സ് ലിസ്റ്റ് പൂർണമല്ല

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ വാണിജ്യം/ വ്യവസായാവശ്യത്തിനായി പ്രവർത്തിക്കുന്ന 821 സ്ഥാപനങ്ങളുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം 2020-21 വർഷം 206 സ്ഥാപനങ്ങൾ മാത്രമാണ് വ്യാപാരം നടത്തുന്നതിനുള്ള ലൈസൻസെടുത്തിട്ടുള്ളത്.

| ക്രമ നം. | സഞ്ചയയിൽ രേഖപ്പെടുത്തിയ കെട്ടിടത്തിന്റെ തരം | എണ്ണം |
|---|---|---|
| 1. | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 675 |
| 2. | വാണിജ്യവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 145 |
| 5. | വ്യവസായ ആവശ്യത്തിനുള്ളവ – കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 1 |
| | ആകെ കെട്ടിടങ്ങൾ | 821 |

വാണിജ്യാവശ്യത്തിനായി കെട്ടിട നമ്പർ അനുവദിച്ച 821 കെട്ടിടങ്ങൾ പഞ്ചായത്ത് പരിധിയിൽ ഉണ്ടായിരിക്കേ, 206 സ്ഥാപനങ്ങൾ മാത്രമേ വ്യാപാരത്തിനുള്ള ലൈസൻസ് എടുത്തു കാണുന്നുള്ളൂ. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(20/25-04-2022) കെട്ടിട നമ്പർ അനുവദിച്ച വാണിജ്യ കെട്ടിടങ്ങളിൽ ഭൂരിഭാഗം സ്ഥാപനങ്ങളും പ്രവർത്തിക്കാതെ ഒഴിഞ്ഞ് കിടക്കുകയാണെന്നാണ് അറിയിച്ചത്. പഞ്ചായത്ത് പരിധിയിലുള്ള വ്യാപാര സ്ഥാപനങ്ങളുടെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയ ട്രെയ്ഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതും സ്ഥാപനങ്ങൾ ഡിമാന്റിൽ നിന്നും ഒഴിവാകുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-16 ദുരന്ത നിവാരണ പ്രവർത്തനങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും, സാമൂഹികാധിഷ്ഠിതവുമായ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടത് സംബന്ധിച്ച നിർദ്ദേശം 04.12.19 ലെ സർക്കാർ ഉത്തരവ് (കൈ)നം.156/19/ ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത ഉത്തരവിലെ നിർദ്ദേശ പ്രകാരം ഗ്രാമ പഞ്ചായത്തിൽ Emergency Response Team (ERT) (അടിയന്തിര പ്രതികരണ സേന), വിവിധ മേഖലയിൽ നിന്നുള്ള വിവര ശേഖരണവുമായി ബന്ധപ്പെട്ട് Local Resource Group (LRG) എന്നിവ രൂപീകരിക്കുവാനും, സ്ഥാപനതലത്തിൽ ദുരന്തനിവാരണ പദ്ധതി രേഖ തയ്യാറാക്കുവാനും, ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കാനാവശ്യമായ സങ്കേതങ്ങളും, കേന്ദ്രങ്ങളും കണ്ടെത്താനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നുള്ള ഓഡിറ്റ് അന്വേഷണത്തിന് (31/28.4.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

2020-21 വർഷം ദുരന്ത നിവാരണ സേനയ്ക് രക്ഷാ ഉപകരണങ്ങൾ വാങ്ങാൻ 50,000 രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കിയെങ്കിലും തൻവർഷം നടപ്പിലാക്കിയിട്ടില്ല. സ്ഥാപനത്തിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 ഐ കെ എം വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 3/20-21 (ഐ കെ എം വിഹിതം നൽകൽ) |
| അടങ്കൽ | 60000 |
| ചെലവ് | 60000 |
| ബിൽ നമ്പർ,തിയതി | 10/20-21,20.10.20 |

ഐ.കെ.എം. ന് നൽകുന്നതിനുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം മേൽ സൂചിപ്പിച്ച പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് (അക്കൗണ്ട് നമ്പർ- 57047023512) കൈമാറിയിട്ടുണ്ട്. കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം

എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-18 കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിൽ കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവയ്ക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്കായി സർക്കുലർ നമ്പർ-86/2010/ഫിൻ, തീയതി 24.9.2020 പ്രകാരം പ്രത്യേകം നിർദ്ദേശങ്ങളടങ്ങിയ സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പ്രസ്തുത മാതൃകയിൽ സൂക്ഷിക്കാത്തതിനാൽ രജിസ്റ്ററിൽ രേഖപ്പെടത്തിയതിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-19 ക്യാഷ് ബുക്ക് സൂക്ഷിപ്പിലെ അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിലെ വി ഇ ഒ (കണിച്ചാർ സർക്കിൾ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവ് വിവരം രേഖപ്പെടുത്തുന്നതിന് ടി ആർ 7-എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. ജി ഒ (പി) നം 177/2006/ഫിൻ, തീയതി-12.04.2006 ലെ ഖ-18.3 പ്രകാരം ടി ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണമെന്നും ,തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ് ചെലവ് വിവരം രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം ക്യാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-20 കുഴൽ കിണർ നിർമ്മാണം-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

1. ഓടന്തോട് അങ്കണവാടിക്ക് കുഴൽ കിണർ നിർമ്മാണം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ /പേര് | 9/21 ഓടന്തോട് അങ്കണവാടിക്ക് കുഴൽ കിണർ നിർമ്മാണം |
| അടങ്കൽ | 100000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 71000 |
| ബിൽ നമ്പർ,തീയതി | 27/20-21, 18.02.21 |

2. കൊളക്കാട് സെന്റ് സെബാസ്റ്റ്യൻ സ്കൂളിന് കുഴൽ കിണർ നിർമ്മാണം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 197/21 കൊളക്കാട് സെന്റ് സെബാസ്റ്റ്യൻ സ്ക്കൂളിന് കുഴൽ കിണർ നിർമ്മാണം |
| അടങ്കൽ | 100000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 88000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നമ്പർ,തീയതി | 28/20-21, 18.02.21 |

3. പൂളക്കുറ്റി എൽ പി സ്ക്കൂളിന് കുഴൽ കിണർ നിർമ്മാണം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ /പേര് | 198/21 പൂളക്കുറ്റി എൽ പി സ്ക്കൂളിന് കുഴൽ കിണർ നിർമ്മാണം |
| അടങ്കൽ | 100000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | 76000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നമ്പർ, തീയതി | 29/20-21, 18.02.2021 |

4) പൂളക്കുറ്റി ലക്ഷം വീട് കുഴൽ കിണർ നിർമ്മാണം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 202/21 പൂളക്കുറ്റി ലക്ഷം വീട് കുഴൽ കിണർ നിർമ്മാണം |
| അടങ്കൽ | 100000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | 79000( ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| (എസിആർ) ബിൽ നമ്പർ, തീയതി | 134/20-21 , 18.02.21 |

ക്രമ നമ്പർ (1), (2) ,(3),(4) പ്രകാരം കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജലവകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരം മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം തുക കണ്ണൂർ ഭൂജല വകുപ്പിന്റെ അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ(കൈ) നമ്പർ11/2018/തസ്വഭവ, തീയതി-29.01.2018) ഡെപ്പോസിറ്റ് വർക്കുകൾ ഖ.11 (ഡി) (Ii) പ്രകാരം തദ്ദേശഭരണ സ്ഥാപനം ഭൂജലവകുപ്പുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമെ തുക മുൻകൂർ നൽകാവു എന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ മേൽ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഭൂജലവകുപ്പുമായിഎഗ്രിമെന്റ് ചമച്ചിട്ടില്ല.

പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/19.04.2022) ലഭിച്ച മറുപടിയിൽ ഭൂജലവകുപ്പിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർപ്രവർത്തനങ്ങൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖ ഖ.11 (ഡി) (Iv)ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തുടർപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂർ തുക നൽകുന്ന സംഗതികളിൽ കരാർ വെക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-21 വിവാഹ ധനസഹായം-അപേക്ഷകൾകൃത്യമായ പരിശോധനയ്ക്ക് വിധേയമാക്കാത്തത്

| നിർവ്വഹണദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | |
|---|---|---|
| പ്രോജക്ടിന്റെ പേര് &നം | വിവാഹ ധനസഹായം-പട്ടികജാതി 50/21 | വിവാഹ ധനസഹായം-പട്ടിക വർഗ്ഗം 51/21 |
| അടങ്കൽ | 1,50,000 | 3,00,000 |
| ചെലവ് | 75,000 | 3,00,000 |
| എസി ആർ ബിൽ നം & തീയതി | 142/ 26.2.2021 | 114/28.1.2021 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം പട്ടികജാതിയിൽപെട്ട ഒരു ഗുണഭോക്താവിനും പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ട 3 ഗുണഭോക്താക്കൾക്കും വിവാഹ ധനസഹായത്തിന് തുക നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ നൽകുിയ അപേക്ഷകളിൽ തീയതി രേഖപ്പെടുത്താതെയും, അനുവദനീയമായ സമയപരിധി കഴിഞ്ഞും നൽകിയതായി കണ്ടു. വിശദവിവരം താഴെ കൊടുക്കുന്നു

പട്ടികജാതി വിഭാഗത്തിൽപെട്ട രാജേഷ്.എം.ആർ എന്നവർക്ക് 75,000 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട മാതു.പി എന്നവർക്ക് ₹1,00,000യും നൽകിയിട്ടുണ്ട്. ഇവരുടെ അപേക്ഷയിൽ അപേക്ഷ തീയതി രേഖപ്പെടുത്തിയിട്ടില്ല. പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട വസന്ത എന്നവർക്ക് ₹1,00,000 നൽകിയിട്ടുണ്ട്. ഇവർ അപേക്ഷ നൽകിയിരിക്കുന്നത് അനുവദനീയമായ സമയമായ 6 മാസകാലയളവ് കഴിഞ്ഞാണ്. വിവാഹ തീയതി- 1.2.2020, അപേക്ഷ തീയതി - 10.8.2020.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/23.4.2022) തീയതി രേഖപ്പെടുത്താത്തത് ശ്രദ്ധിച്ചില്ല എന്നും, വസന്ത എന്നവരുടെ അപേക്ഷ മെമ്പർമാർ മുഖേന നൽകിയത് ഓഫീസിൽ ലഭിക്കാത്തതിനാൽ വീണ്ടും പ്രേരക് മുഖേന വാങ്ങിച്ചതിനാലാണ് സമയപരിധി കഴിഞ്ഞതെന്നും മറുപടി നൽകിയത് .

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)22/2018 തസ്വഭവ 14.2.2018

ഖ-7-2(1)ൽ ഈ പ്രോജക്ടിന് വിവാഹത്തീയതിയ്ക്ക് 15 ദിവസം മുൻപോ 6 മാസത്തിനകമോ (ജി.ഒ(എം.എസ്)2960/2018/തസ്വഭവ 27.11.2018) അപേക്ഷിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.
ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷ സ്വീകരിക്കുമ്പോൾ ആയത് കൃത്യമായ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നാണ് മേൽ പദ്ധതി നിർവ്വഹണത്തിൽ നിന്നും വ്യക്തമാകുന്നത്.

അസിസ്റ്റന്റ് സെക്രട്ടറി 2019-20, 2020-21 വർഷം നിർവ്വഹണം നടത്തിയ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി മോണിറ്ററിംഗ് യഥാസമയം തന്നെ കാര്യക്ഷമമായി നടത്തേണ്ടതാണ്. അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-22 സുഭിക്ഷ കേരളം പദ്ധതി-ഇടവിളകൃഷി - വിതരണത്തിലെ അപാകം-ചെലവ് തുക 183550 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പറും പേരും | 166/210 സുഭിക്ഷ കേരളം പദ്ധതി-ഇടവിളകൃഷി സബ്സിഡി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ. |
| അടങ്കൽ തുക | 167200 (വികസന ഫണ്ട്)<br>125000( ബ്ലോക്ക് പഞ്ചായത്ത്) |
| ആകെ അടങ്കൽ | 292200 |
| ചെലവ് | 167200 (വികസന ഫണ്ട്)പൊതു<br>121400 ( ബ്ലോക്ക് പഞ്ചായത്ത്) |
| ആകെ ചെലവ് | 288600 |
| ബിൽ നമ്പർ,തീയതി | 21/20-21,27.3.21 ₹121400<br>22/20-21,27.3.21 ₹167200 |

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ഇടവിളകൃഷി സബ്സിഡി എന്ന പ്രോജക്ടിലുൾപ്പെടുത്തി മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം 288600/- രൂപ ചെലവഴിച്ച് കാസർഗോഡ് VFPCK കൃഷി ബിസിനസ് കേന്ദ്രയിൽ നിന്നും ഇടവിളകൾ അടങ്ങിയ 250 കിറ്റുകൾ @1154 (ഇൻവോയ്സ്-KBKGD20-21/768,18.3.21) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

1. VFPCK കൃഷി ബിസിനസ് കേന്ദ്രയുടെ ബിൽ പരിശോധിച്ചതിൽ കിറ്റിൽ ഏതെല്ലാം ഇടവിളകൾ എത്ര കിലോ വീതം ഉൾപ്പെട്ടിരുന്നു, അവയ്ക്ക് ഈടാക്കിയ വില എന്നിവ സംബന്ധിച്ച് യാതൊരു വിശദാംശവും ഉൾപ്പെടുത്തിയിട്ടില്ല. ഇടവിള കിറ്റിൽ ഉൾപ്പെടുന്ന ഓരോയിനം സാധനങ്ങളുടെയും വില ജില്ലാതലത്തിൽ നിശ്ചയിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.

2. ഭരണസമിതി തീരുമാനം നമ്പർ - 94/2020,15.9.2020 പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ 91 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം 250 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിൽ

ഉൾപ്പെടാത്ത 159 വ്യക്തികൾക്ക് കിറ്റ് വിതരണം ചെയ്തത് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 25/27.4.22) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ 159 ഗുണഭോക്താക്കൾക്ക് അനുവദിച്ച 183550 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ, വിശദീകരണം എന്നിവ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ഫലവൃക്ഷതൈകൾ വിതരണം-എസ് .ടി -സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പറും പേരും | ഫലവൃക്ഷതൈകൾ വിതരണം-എസ് .ടി വിഭാഗം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ. |
| അടങ്കൽ തുക | 100000 വികസന ഫണ്ട് (ടി എസ് പി)<br>33350 ഗുണഭോക്തൃ വിഹിതം |
| ആകെ അടങ്കൽ | 133350 |
| ചെലവ് | 17100 വികസന ഫണ്ട് (ടി എസ് പി)<br>5700 ഗുണഭോക്തൃ വിഹിതം |
| ആകെ ചെലവ് | 22800 |
| ബിൽ നമ്പർ,തീയതി | 17/20-21,27.3.21 ₹17100 |

ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 150 ഫലവൃക്ഷതൈകൾ (മാങ്ങ, സപ്പോട്ട, ചക്ക, ജാതി, റംബൂട്ടാൻ) VFPCK യിൽ നിന്നും വാങ്ങി 75% സബ്സിഡിനിരക്കിൽ 11 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 5700 രൂപ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് അടവാക്കിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1.സബ്സിഡി മാർഗ്ഗരേഖ സ.ഉ(എം എസ്)നമ്പർ22/2018/തസ്വഭവ 14.2.18 ഖണ്ഡിക 6.1.5 പ്രകാരം പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 100% സബ്സിഡി നിരക്കിൽ ആനുകൂല്യം അനുവദിക്കാവുന്നതാണ്. എന്നാൽ 75% സബ്സിഡി നിരക്കിലാണ് ഫലവൃക്ഷതൈകൾ വിതരണം ചെയ്തിരിക്കുന്നത്. ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ട്.

2.ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത കുങ്കൻ മാറാടി ,താഴെ വെള്ളറ എന്ന ഗുണഭോക്താവിന് മേൽ പറഞ്ഞ ഇനങ്ങളിൽപ്പെട്ട 3 വീതം ഫലവൃക്ഷതൈകൾ വിതരണം ചെയ്തിട്ടുണ്ട്.

മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി-25/19-20,27.4.22). പട്ടികവർഗ്ഗത്തിൽപ്പെട്ട 11 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് ശരിയായ നടപടിയല്ല. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകിയത് വിശദമാക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖ 11.3(15) ലെ നിർദ്ദേശങ്ങൾ പാലിക്കാതെ ഗുണഭോക്താവിനെ തെരഞ്ഞെടുത്തത് ക്രമവിരുദ്ധമാണ്. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-24 തെങ്ങ് കൃഷിക്ക് ജൈവവളം -രേഖകളുടെ അഭാവത്തിൽ ചെലവ് 200000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പറും പേരും | 27/21, തെങ്ങ് കൃഷിക്ക് ജൈവവളം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ. |
| അടങ്കൽ തുക | 200000 വികസന ഫണ്ട്<br>66700 (ഗുണഭോക്തൃ വിഹിതം) |
| ആകെ അടങ്കൽ | 266700 |
| ചെലവ് | 200000 വികസന ഫണ്ട് |
| ബിൽ നമ്പർ,തീയതി | ₹200000 |

78 ഗുണഭോക്താക്കൾക്കളുടെ 4359 തെങ്ങുകൾക്ക് ആവശ്യമായ എല്ല് വളം ,വേപ്പിൻ പിണ്ണാക്ക്, കുമ്മായം എന്നിവ വാങ്ങി ഉപയോഗിക്കുന്ന മുറയ്ക്ക് കർഷകർക്ക് മൊത്തം ചെലവിന്റെ 75% സബ്സിഡി അനുവദിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. സബ്സിഡി മാർഗ്ഗരേഖ 6.1.1 പ്രകാരം കാർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ തുടങ്ങിയവർ പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവ വളങ്ങൾ കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടെ കൃഷിക്കാർ വാങ്ങി ഉപയോഗിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭ്യമല്ലാത്ത സംഗതികളിൽ ലോക്കൽ പർച്ചേസ് നടത്താവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് സബ്സിഡി തുക കൈമാറിയതിന്റെ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ സബ്സിഡി തുക ലഭിക്കുന്നതിനു കർഷകർ ഹാജരാക്കിയ ജൈവവളം വാങ്ങിയ ബില്ലുകൾ പരിശോധനക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24 തീയതി 27.4.22) മറുപടി ലഭ്യമാക്കിയിട്ടില്ല. വൗച്ചർ ലഭ്യമാക്കാത്തതിനാൽ പരിധിയിൽ കൂടുതൽ തുക കൈമാറിയിട്ടുണ്ടോ എന്നതും വ്യക്തമല്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹200000 തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-25 പാലിന് സബ്സിഡി-രേഖകൾ ഹാജരാക്കാത്തത്-₹ 8,00,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ടിന്റെ പേര്&നം | ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ 34/21 |

| | |
|---|---|
| അടങ്കൽ | 4,00,000 (വികസന ഫണ്ട്-പൊതു വിഭാഗം) -സാധാരണ വിഹിതം<br>4,00,000(ബ്ലോക്ക് പഞ്ചായത്ത്)<br>4,00,000(ജില്ലാ പഞ്ചായത്ത്) |
| ചെലവ് | 4,00,000 -1/18/3/21 (വികസന ഫണ്ട്-പൊതു വിഭാഗം)<br>4,00,000—2/29.3.21 ബ്ലോക്ക് പഞ്ചായത്ത് |

കണിച്ചാർ ഗ്രാമ പഞ്ചായത്തിന്റെ വിവിധ ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് @ 1 /ലിറ്ററിന് പാലുത്പാദന ഇൻസെന്റീവ് നൽകിയ വകയിൽ മേൽ തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1-ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റ്/സാക്ഷ്യപത്രം,

2-വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ,

3-ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/24.4.2022) മറുപടി/രേഖകൾ നൽകിയിട്ടില്ല. അതിനാൽ ₹ 8,00,000 തടസ്സപ്പെടുത്തുന്നു.

## 1-26 ആട് വളർത്തൽ-രേഖകളുടെ അഭാവത്തിൽ ചെലവ് ₹50000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 132/21 ആട് വളർത്തൽ സ്പിൽ ഓവർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| അടങ്കൽ തുക | 90000(വികസന ഫണ്ട്)<br>130000(ഗുണഭോക്തൃ വിഹിതം) |
| ആകെ അടങ്കൽ | 220000 |
| ചെലവ് | 50000 |
| ബിൽ നമ്പരും തീയ്യതിയും | പി 8/20-21,23.7.20₹10000<br>പി 9/20-21,23.7.20₹10000<br>പി 26/20-21,23.7.20 ₹30000 |

5 ഗുണഭോക്താക്കൾക്ക് 10 ആടുകളെ വീതം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയിലൂടെ മാംസോൽപ്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. പ്രോജക്ടിന്റെ ഭാഗമായി 5 ഗുണഭോക്താക്കൾക്ക് 10000 രൂപ വിലയുള്ള 10 ആടുകളെ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വായ്പാധിഷ്ഠിത സ്വയം തൊഴിൽ സംരംഭമായാണ് പ്രോജക്ട് നടപ്പിലാക്കിയത്. സബ്സിഡി തുക ലോൺ അക്കൗണ്ടിലേക്ക് അടവാക്കുന്നു. പ്രൊജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1. മേൽ പറഞ്ഞ 5 ഗുണഭോക്താക്കളും ലോൺ എടുത്തതിന്റെ രേഖകൾ ഫയലിലോ അപേക്ഷയോടൊപ്പമൊ ലഭ്യമല്ല. വിലച്ചീട്ടിൽ സബ്സിഡി തുക ലോൺ അക്കൗണ്ടിലേക്ക് കൈമാറണമെന്ന് ബാങ്കിന്റെ സീൽ മാത്രമാണ് പതിച്ചിരിക്കുന്നത്.

ഗുണഭോക്താക്കൾ ലോൺ എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

2. ചന്ദ്രിക എന്ന ഗുണഭോക്താവിന്റെ സബ്സിഡി തുക ലോൺ അക്കൗണ്ടിൽ നൽകുന്നതിനു പകരം അപേക്ഷയിൽ ചേർത്തിട്ടുള്ള വ്യക്തിഗത ബാങ്ക് അക്കൗണ്ടിലേക്ക് തന്നെയാണ് അനുവദിച്ചിരിക്കുന്നത് (നമ്പർ- 206101010003875). ലോൺ അക്കൗണ്ടിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ സബ്സിഡി തുക ലോൺ അക്കൗണ്ടിലേക്കാണ് കൈമാറിയതെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/24.04.22) ലഭ്യമാക്കിയ മറുപടിയോടൊപ്പം രേഖകൾ ഹാജരാക്കിയതായി അറിയിച്ചിട്ടുണ്ടെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. ഗുണഭോക്താക്കൾ ലോൺ എടുത്തിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹50000 തടസ്സപ്പെടുത്തുന്നു.

## 1-27 കറവ പശുവിനെ വാങ്ങൽ-വായ്പാ രേഖകളുടെ അഭാവത്തിൽ ചെലവ് 350000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പറും പേരും | 63/21 കറവ പശുവിനെ വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| അടങ്കൽ തുക | 525000 (വികസന ഫണ്ട്)<br>650000 (ഗുണഭോക്തൃ വിഹിതം) |
| ആകെ അടങ്കൽ | 1175000 |
| ചെലവ് | 350000 (വികസന ഫണ്ട്) |
| ബിൽ നമ്പരും തീയ്യതിയും | പി1/20-21,20.4.20 ₹100000<br>പി2/20-21,20.4.20 ₹75000<br>പി14/20-21,05.11.20 ₹50000<br>പി11/20-21,14.7.20 ₹50000<br>പി12/20-21,14.7.20 ₹50000<br>പി13/20-21,21.8.20 ₹25000 |

1. 14 ഗുണഭോക്താക്കൾക്ക് കറവപ്പശുക്കളെ പർച്ചേസ് കമ്മറ്റി വാങ്ങി നൽകുകയും സബ്സിഡി തുക ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറുകയും ചെയ്യുന്നതാണ് പ്രോജക്ട്. എന്നാൽ ഗുണഭോക്താക്കൾ ലോൺ എടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2. പർച്ചേസ് കമ്മിറ്റി റിപ്പോർട്ടിൽ ഉരുക്കളുടെ വില പരാമർശിക്കുന്നില്ല

3. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ അദ്ധ്യക്ഷനായും വെറ്റിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽനിന്നും 5 പേർ അംഗങ്ങളായിട്ടുള്ള കമ്മിറ്റിയായിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. എന്നാൽ ഗുണഭോക്താക്കൾ കമ്മിറ്റിയിൽ ഉൾപ്പെട്ടതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4. ശ്രീമതി. സുലോചന എന്ന ഗുണഭോക്താവിന്റെ സബ്സിഡി തുക ടിയാളുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത്. ലോൺ അക്കൗണ്ടാണ്

എന്ന് ഉറപ്പ് വരുത്തുന്നതിനു ആധാരമായ രേഖകൾ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/24.4.22) ലഭ്യമാക്കിയ മറുപടിയോടൊപ്പം രേഖകൾ ഹാജരാക്കിയതായി അറിയിച്ചിട്ടുണ്ടെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല.ഗുണഭോക്താക്കൾ ലോൺ എടുത്തിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹3,50,000 തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-28 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പറും പേരും | 57/21, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| അടങ്കൽ തുക | 200000 വികസന ഫണ്ട് (പൊതു)<br>200000 ഗുണഭോക്തൃവിഹിതം |
| ആകെ അടങ്കൽ | 400000 |
| ചെലവ് | 200000 |
| ബിൽ നമ്പറും തീയ്യതിയും | പി 28/20-21, 12.03.21 |

മേൽ പ്രോജക്ട് പ്രകാരം 16 പേർക്ക് ആനുകൂല്യം നല്കുന്നതിനായി 12,500 രൂപ നിരക്കിൽ 2,00,000 രൂപ കണ്ണൂർ എസ്എൽബിപി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട് (അക്കൗണ്ട് നമ്പർ-719011400000003). കൊളക്കാട് ക്ഷീര സഹകരണ സംഘം മുഖേനയാണ് കാലിതീറ്റ വിതരണം ചെയ്തത്. മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 24.04.22ലെ 13-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് എസ്എൽബിപി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതായി അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-29 കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റൻസിനുള്ള വിഹിതം നൽകൽ- രേഖകൾ ഹാജരാക്കിയിട്ടില്ല ചെലവ് തുക ₹25000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പറും പേരും | 145/21 കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റൻസിനുള്ള വിഹിതം നൽകൽ |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് |
| അടങ്കൽ തുക | 25000 (വികസന ഫണ്ട്)<br>25000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ആകെ അടങ്കൽ | 50000 |
| ചെലവ് | 25000 |
| ബിൽ നമ്പരും തീയ്യതിയും | 15/20-21, 27.3.21 |

സ.ഉ(സാധാ)നം.426/2019/തസ്വഭവ/26.2.19 ഉത്തരവ് പ്രകാരം കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് ഒരു കുട്ടിക്ക് 50000/- രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. അതു പ്രകാരം ഗ്രാമ പഞ്ചായത്തിലെ അനവദ്യ മനോജ്,കുണ്ടൻചാലിൽ വീട്, കൊളക്കാട് എന്ന വിദ്യാർത്ഥിയുടെ ഉപകരണം റിപ്പയർ ചെയ്യുന്നതിന് 25000/- രൂപ മേൽ ബിൽ പ്രകാരം സാമൂഹ്യ സുരക്ഷാ മിഷന് (അക്കൗണ്ട് നമ്പർ-701011400000134) കൈമാറിയിട്ടുണ്ട്. എന്നാൽ സാമൂഹ്യ സുരക്ഷാ മിഷൻ തുക കൈപ്പറ്റിയതിന്റെ രേഖ, വിനിയോഗ സാക്ഷ്യപത്രം, വിദ്യാർത്ഥിയുടെ ഉപകരണങ്ങൾ റിപ്പയർ ചെയ്തതിന്റെ രേഖ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/24.4.2022ന് ലഭിച്ച മറുപടിയിൽ മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് സാമൂഹ്യ സുരക്ഷാ മിഷന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ചെലവു തുക ₹25000 തടസ്സപ്പെടുത്തുന്നു.

**1-30 കുടിവെള്ള ടാങ്ക് വിതരണം -സബ്സിഡി തുകയിൽ അധികമായി നൽകിയത് ₹5990 നിരാകരിക്കുന്നു**

| | |
|---|---|
| പ്രോജക്ട് പേര്&നമ്പർ | പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ള ടാങ്ക് വിതരണം-53/21 |
| അടങ്കൽ | 25,000 (വികസന ഫണ്ട് -പൊതു വിഭാഗം ടി എസ് പി) |
| ചെലവ് | 23990 (വികസന ഫണ്ട് -പൊതു വിഭാഗം ടി എസ് പി) |
| ബിൽ നമ്പർ, തീയ്യതി | 5/16/3/21 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 12 ഗുണഭോക്താക്കൾക്ക് കുടിവെള്ള ശേഖരണത്തിന് പി വി സി ടാങ്ക് നൽകൽ പദ്ധതിയിൽ ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് നൽകിയ കാട്ടുമാടം സെയിൽസ് കോർപ്പറേഷൻ,പേരാവൂരിൽ നിന്ന് @2,000 പ്രകാരം, 12 ടാങ്ക് വാങ്ങിച്ച വകയിൽ മേൽ തുക നൽകിയിട്ടുണ്ട്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)22/2018 തസ്വഭവ 14.2.2018 ഖ-6.6ൽ ഈ പ്രോജക്ടിന് നൽകാവുന്ന സബ്സിഡി 75% (പരമാവധി 3,000) ആണ്. ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടവാക്കുകയും വേണം. എന്നാൽ മുഴുവൻ

തുകയും ടി എസ് പി ഫണ്ടിൽ നിന്നാണ് ചെലവഴിച്ചത്. @2,000ന്റെ 75%=1500*12=18,000 മാത്രമേ ടി.എസ്.പി. ഫണ്ടിൽ നിന്നും ചെലവഴിക്കാവൂ. എന്നാൽ ഗുണഭോക്തൃ വിഹിതം ഈടാക്കാതെ മുഴുവൻ തുകയും പദ്ധതി വിഹിതത്തിൽ നിന്നാണ് നൽകിയത്. കൂടാതെ ടാങ്കിന്റെ ഗുണനിലവാരം പർച്ചേസിംഗ് കമ്മിറ്റി പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (9/21.4.2022) നൽകിയ മറുപടിയിൽ ഗുണഭോക്തൃ വിഹിതം ചെലവഴിക്കാൻ പഞ്ചായത്തിന് മുൻകൂർ അനുമതി ലഭിച്ചതായി പറയുന്നില്ല. ആയതിനാൽ അധികം നൽകിയ ₹5990 (23990-18000) നിരാകരിക്കുന്നു.

## 1-31 പാലിയേറ്റീവ് കെയർ മാനേജിംഗ് കമ്മിറ്റി (പി.എം.സി) യഥാസമയം യോഗം ചേരുന്നില്ല

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗരേഖ (സ.ഉ)സാധാ നമ്പർ 553/2019 ഖ.2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രൊജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷാവസാനത്തിന് മുമ്പും പാലിയേറ്റീവ് കെയർ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്നും രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ പാലിയേറ്റീവ് കെയർ മാനേജിംഗ് കമ്മിറ്റി യോഗം ചേരേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 2020-2021 വർഷം 30-03-2021 തീയതിയിൽ മാത്രമേ പാലിയേറ്റീവ് കെയർ മാനേജിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളു. സർക്കാർ ഉത്തരവ് പ്രകാരം യോഗം ചേരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 ഇ-ടെണ്ടർ -ഫീ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാത്തത്

അസിസ്റ്റന്റ് എഞ്ചിനീയർ 2020-21 വർഷം നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീ തുക 22,400 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നാളിതു വരെയായിട്ടും ക്രെഡിറ്റ് ചെയ്തിട്ടില്ല. 2016-17 മുതൽ 2020-21 വരെ ഈടാക്കാനുള്ള തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2016-17 | 70,800 |
| 2017-18 | 70,400 |
| 2018-19 | 1,04,984 |
| 2019-20 | 12,430 |
| 2020-21 | 22,400 |
| ആകെ | 2,81,014 |

തുക ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (7/19.4.22) മറുപടി നൽകിയിട്ടുണ്ട്.

## 1-33 കൊളക്കാട് കുരിശുമല പുളിഞ്ചോട് റോഡ് ടാറിങ്- അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്റ്റ്& നമ്പർ – 180/21 | കൊളക്കാട് കുരിശുമല പുളിഞ്ചോട് റോഡ് ടാറിങ് |
| അടങ്കൽ തുക | 559000/-<br>435912/ - (CFC)<br>108967 (MG- Roads)<br>14121 (തനത് ഫണ്ട്) |
| ചെലവ് തുക | 554034/-<br>(Bill No.273/21 Dt. 03/03/21) |
| Agreement No– | AE/LSGD/KCR/48/19-20<br>Dt. 11-11-19 |
| MB No. | 48/19-20 |
| കോൺട്രാക്ടർ | സി എം പൈലി |

പ്രസ്തുത പ്രവൃത്തിയിൽ പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും കരാറുകാരനെ പ്രവൃത്തി തുടരാൻ അനുവദിച്ചതിൽ നിരവധി അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിന്റെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച നാൾവഴികൾ, അനുബന്ധ വിവരങ്ങൾ:

സൈറ്റ് കൈമാറിയ തിയ്യതി - 11/11/19

അന്തിമ അളവ് തിയ്യതി - 18/1/21

പ്രവൃത്തി പൂർത്തീകരണ കാലാവധി – 10/05/20 (180 ദിവസം)

പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നത് – 1 വർഷം 1 മാസം 9 ദിവസം കൊണ്ട്

പിഴ ഉൾപ്പെടെ പ്രവൃത്തി പൂർത്തീകരിക്കാൻ
അനുവദിക്കാവുന്ന പരമാവധി സമയം – 270 ദിവസം (180 +90)

പൂർത്തീകരിച്ചിരിക്കുന്ന കാലയളവ് - 404 ദിവസം

കേരള പി.ഡബ്ല്യു.ഡി മാനുവൽ 2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ ഉചിത മാർഗ്ഗേണയുള്ള അപേക്ഷയിൽ പരമാവധി പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കാൻ ഉള്ള കാലാവധി യഥാർത്ഥ പ്രവൃത്തി പൂർത്തീകരണ കാലാവധിയുടെ 50 ശതമാനം മാത്രമാണ്. ഇവിടെ പരമാവധി പ്രസ്തുത പ്രവൃത്തി ദീർഘിപ്പിക്കാൻ കാലാവധി 270 ദിവസം മാത്രമാണ്. എന്നാൽ ഇവിടെ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കാൻ കരാറുകാരൻ യാതൊരുവിധ അപേക്ഷയും ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയതായി കാണുന്നില്ല. കരാറുകാരനു എഗ്രിമെന്റ് അതോറിറ്റി പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടി നൽകിയതായും കാണുന്നില്ല. ഈ അവസരത്തിൽ എഗ്രിമെന്റ് അതോറിറ്റി ചെയ്യേണ്ട നടപടിക്രമങ്ങൾ താഴെ കൊടുക്കുന്നു.

1) ഇത്തരത്തിലുള്ള പ്രവൃത്തികൾ അനധികൃത പ്രവൃത്തികൾ ആയി കരുതി യാതൊരുവിധ തുകയും അനുവദിക്കാൻ പാടില്ല (KPWD MANUAL 2012 Sec 2116(iv).

2) പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടി നൽകാൻ കരാറുകാരൻ അപേക്ഷിക്കാത്ത പക്ഷം കരാറുകാരൻ ആയിട്ടുള്ള കരാർ റദ്ദ് ചെയ്യുകയും പ്രസ്തുത കരാറുകാരുടെ ലൈസൻസ് റദ്ദാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

പ്രസ്തുത കരാറുകാരനെ അടുത്ത അഞ്ചു വർഷത്തേക്ക് മറ്റു പ്രവൃത്തികൾ കാട്ട് ചെയ്യുന്നതിൽ നിന്നും വിലക്കുക (KPWD MANUAL 2012 Sec 2116(v).

3) പ്രവൃത്തി പൂർത്തീകരണ കാലാവധിക്ക് ശേഷം അവശേഷിക്കുന്ന പ്രവൃത്തിയുടെ 30 ശതമാനം തുക ഫൈൻ ആയി ഈടാക്കുക (KPWD MANUAL 2012 Sec 2116.2.1).

എന്നാൽ മേൽപ്പറഞ്ഞ നിബന്ധനകൾ ഒന്നും പാലിക്കാതെ അധികൃതർ അനധികൃതമായി യഥേഷ്ടം സമയം പ്രവൃത്തി പൂർത്തീകരിക്കാൻ കരാറുകാരന് അനുവദിക്കുകയാണ് ഉണ്ടായത്. ഒടുവിൽ പൂർത്തീകരിക്കാൻ വൈകിയതിന് കരാറുകാരിൽ നിന്നും 14840/- രൂപ പിഴ ഈടാക്കി പ്രവൃത്തിമൂല്യം അനുവദിക്കുകയും ചെയ്തു. നടപടിക്രമങ്ങൾ ഒന്നും പാലിക്കാതെ കരാറുകാരനെ ഇത്തരത്തിൽ പ്രവൃത്തി ചെയ്യാൻ അനുവദിച്ചത് അധികൃതരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം 22/26.04.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാഞ്ഞതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-34 കൊളക്കാട് വടക്കേ മുളഞ്ഞിനാൽ കുരിശുമല റോഡ് റീ ടാറിങ് - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 182/21 |
| പ്രൊജക്ട് | കൊളക്കാട് വടക്കേ മുളഞ്ഞിനാൽ കുരിശുമല റോഡ് റീ ടാറിങ് |
| അടങ്കൽ തുക : | 440963/- (MG- Roads) |
| ചെലവ് തുക: | 436408/-(MG- Roads) |
| Bill No (എസിആർ പ്രകാരം) | 164/10.3.20201 |
| MB No. | 42/19-20 |
| Agreement No. | AE/LSGD/KCR/42/19-20 DT 11/11/19 |
| കോൺട്രാക്ടർ | സി എം പൈലി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

പ്രസ്തുത പ്രവൃത്തിയിൽ പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും കരാറുകാരനെ പ്രവൃത്തി തുടരാൻ അനുവദിച്ചതിൽ നിരവധി അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിന്റെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

**പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച നാൾവഴികൾ,അനുബന്ധ വിവരങ്ങൾ:**

സൈറ്റ് കൈമാറിയ തിയ്യതി -11-11-19

അന്തിമ അളവ് തിയ്യതി - 14-1-21

പ്രവൃത്തി പൂർത്തീകരണ കാലാവധി - 10-5-20 (പിഴ ഉൾപ്പടെ അനുവദിക്കാവുന്ന പരമാവധി കാലാവധി)

പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നത് - 430 Days

പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിക്കാവുന്ന പരമാവധി സമയം - 270 ദിവസം (180 +90 )

കേരള പിഡബ്ല്യുഡി മാനുവൽ 2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ ഉചിതമാർഗ്ഗേനയുള്ള അപേക്ഷയിൽ പരമാവധി പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കാൻ ഉള്ള കാലാവധി യഥാർത്ഥ പ്രവൃത്തി പൂർത്തീകരണ കാലാവധിയുടെ 50 ശതമാനം മാത്രമാണ്. ഇവിടെ പരമാവധി പ്രസ്തുത പ്രവൃത്തി ദീർഘിപ്പിക്കാൻ കാലാവധി 270 ദിവസം മാത്രമാണ്. എന്നാൽ ഇവിടെ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കാൻ കരാറുകാരൻ യാതൊരുവിധ അപേക്ഷയും ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയതായി കാണുന്നില്ല. കരാറുകാരന് എഗ്രിമെന്റ് അതോറിറ്റി പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടി നൽകിയതായും കാണുന്നില്ല. ഈ അവസരത്തിൽ എഗ്രിമെന്റ് അതോറിറ്റി ചെയ്യേണ്ടെ നടപടിക്രമങ്ങൾ താഴെ കൊടുക്കുന്നു.

1)ഇത്തരത്തിലുള്ള പ്രവർത്തികൾ അനധികൃത പ്രവർത്തികൾ ആയി കരുതി യാതൊരുവിധ തുകയും അനുവദിക്കാൻ പാടില്ല (KPWD MANUAL 2012 Sec 2116(iv).

2)പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടി നൽകാൻ കരാറുകാരൻ അപേക്ഷിക്കാത്ത പക്ഷം കരാറുകാരനും ആയിട്ടുള്ള കരാർ റദ്ദ് ചെയ്യുകയും പ്രസ്തുത കരാറുകാരുടെ ലൈസൻസ് റദ്ദാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുക. പ്രസ്തുത കരാറുകാരനെ അടുത്ത അഞ്ചു വർഷത്തേക്ക് മറ്റു പ്രവൃത്തികൾ ക്വാട്ട് ചെയ്യുന്നതിൽ നിന്നും വിലക്കുക (KPWD MANUAL 2012 Sec 2116(v).

3)പ്രവൃത്തി പൂർത്തീകരണ കാലാവധിക്ക് ശേഷം അവശേഷിക്കുന്ന പ്രവൃത്തിയുടെ 30 ശതമാനം തുക ഫൈൻ ആയി ഈടാക്കുക (KPWD MANUAL 2012 Sec 2116.2.1).

എന്നാൽ മേൽപ്പറഞ്ഞ നിബന്ധനകൾ ഒന്നും പാലിക്കാതെ അധികൃതർ അനധികൃതമായി യഥേഷ്ടം സമയം പ്രവൃത്തി പൂർത്തീകരിക്കാൻ കരാറുകാരന് അനുവദിക്കുകയാണ് ഉണ്ടായത്. ഒടുവിൽ പൂർത്തീകരിക്കാൻ വൈകിയതിന് കരാറുകാരിൽ നിന്നും 11811/- രൂപ ഈടാക്കി പ്രവൃത്തിമൂല്യം അനുവദിക്കുകയും ചെയ്തു. നടപടിക്രമങ്ങൾ ഒന്നും പാലിക്കാതെ കരാറുകാരനെ ഇത്തരത്തിൽ പ്രവൃത്തി ചെയ്യാൻ അനുവദിച്ചത് അധികൃതരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം 22/26.04.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാഞ്ഞതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-35 തുടർ സാക്ഷരത-അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രൊജക്ട് & നമ്പർ | തുടർ സാക്ഷരത - 47 /21 |
| അടങ്കൽ തുക | 40000/-<br>(പൊതു വിഭാഗം സാധാരണ |

| | |
|---|---|
| | വിഹിതം ) |
| ചെലവ് തുക | 40000 |
| | Bill No. 1373900/26.03.21 |

പ്രസ്തുത പദ്ധതി നടപ്പിലാക്കിയിരിക്കുന്നത് 2020-21 സാമ്പത്തിക വർഷം ആണ്. പത്താം തരം, പ്ലസ് വൺ തുല്യത യോഗ്യത നേടുന്നതിനു വേണ്ടി കുട്ടികളെ തയ്യാറാക്കുന്നതാണ് പ്രസ്തുത പദ്ധതി. ഈ പദ്ധതി അനുസരിച്ച് താഴെ പറയും പ്രകാരം കുട്ടികളെ സാക്ഷരതാ മിഷനിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി.

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | അടവാക്കിയ തുക |
|---|---|---|
| പ്ലസ് വൺ | 5 | 12500 |
| പത്താം തരം | 13 | 24050 |

പരീക്ഷക്ക് തയ്യാറാക്കാൻ സാക്ഷരതാ മിഷനിൽ 36550 രൂപ അടവാക്കുകയും 3450 രൂപയ്ക്ക് പുസ്തകങ്ങൾ വാങ്ങി നൽകി കുട്ടികൾക്ക് പരിശീലനവും നൽകിയിട്ടുണ്ട്. 2020 -21 മെയ് ജൂൺ മാസങ്ങളിലായി തുല്യത പരീക്ഷകൾ നടന്നിട്ടുണ്ടെങ്കിലും ഇതിലെ ഓരോ വിഭാഗത്തിലും എത്ര കുട്ടികൾ പരീക്ഷക്ക് ഹാജരായി എന്നോ നിർദ്ദിഷ്ട യോഗ്യത എത്ര കുട്ടികൾ നേടി എന്നോ വ്യക്തമാക്കുന്നു യാതൊരു രേഖയും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം 22/26.4.22ന് നൽകിയ മറുപടിയിൽ കുട്ടികളെ 2022ൽ പരീക്ഷക്ക് ഹാജരാക്കും എന്നാണ് പറഞ്ഞിരിക്കുന്നത്. പദ്ധതി കാലാവധിയോടു അനബന്ധമായി തന്നെ പദ്ധതി പൂർത്തീകരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുടിവെള്ള ടാങ്ക് വിതരണം -സബ്സിഡി തുകയിൽ അധികമായി നൽകിയ ₹5990 നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് പേര്&നമ്പർ | പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ള ടാങ്ക് വിതരണം-53/21 |

| | |
|---|---|
| അടങ്കൽ | 25,000(വികസന ഫണ്ട് -പൊതു വിഭാഗം ടി എസ് പി) |
| ചെലവ് | 23990(വികസന ഫണ്ട് -പൊതു വിഭാഗം ടി എസ് പി) |
| ബിൽ നമ്പർ, തീയ്യതി | 5/16.03.21 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 12 ഗുണഭോക്താക്കൾക്ക് കുടിവെള്ള ശേഖരണത്തിന് പി വി സി ടാങ്ക് നൽകൽ പദ്ധതിയിൽ ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് നൽകിയ കാട്ടുമാടം സെയിൽസ് കോർപ്പറേഷൻ, പേരാവൂരിൽ നിന്ന് @2,000 പ്രകാരം, 12 ടാങ്ക് വാങ്ങിച്ച വകയിൽ മേൽ തുക നൽകിയിട്ടുണ്ട്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)22/2018/തസ്വഭവ 14.2.2018 ഖ-6.6 ൽ ഈ പ്രോജക്ടിന് നൽകാവുന്ന സബ്സിഡി 75% (പരമാവധി 3,000) ആണ്. ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടവാക്കുകയും വേണം. എന്നാൽ മുഴുവൻ തുകയും ടി എസ് പി ഫണ്ടിൽ നിന്നാണ് ചെലവഴിച്ചത്. @2,000ന്റെ 75%=1500*12=18,000 മാത്രമേ ടി.എസ്.പി. ഫണ്ടിൽ നിന്നും ചെലവഴിക്കാവൂ. എന്നാൽ ഗുണഭോക്തൃവിഹിതം ഈടാക്കാതെ മുഴുവൻ തുകയും പദ്ധതി വിഹിതത്തിൽ നിന്നാണ് നൽകിയത്. കൂടാതെ ടാങ്കിന്റെ ഗുണനിലവാരം പർച്ചേസിംഗ് കമ്മിറ്റി പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (9/21.4.2022) നൽകിയ മറുപടിയിൽ ഗുണഭോക്തൃ വിഹിതം ചെലവഴിക്കാൻ പഞ്ചായത്തിന് മുൻകൂർ അനുമതി ലഭിച്ചതായി പറയുന്നില്ല. അതിനാൽ അധികം നൽകിയ ₹ 5990 (23990-18000) നിരാകരിക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 18.04.2022, 19.04.2022 | കെഎസ്എ/കെഎൻആർ/ സി11/656/ 2022 തീയതി: 01.06.2022. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| പേരവൂർ | | 185429 | ശാരീരിക മാനസിക വെല്ലുവിളി | 185429 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-18/21 | | |
| | 96250 | | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-229/21 | 96250 | 0 |
| | | 85,000 | സമഗ്ര നെൽ കൃഷി വികസനം -30/21 | 85,000 | |
| ബ്ലോക്ക് പഞ്ചായത്ത് | | 15,000 | സുഭിക്ഷകേരളം പദ്ധതി-തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി-163/21 | 15,000 | |
| | | 68,000 | സുഭിക്ഷകേരളം പദ്ധതി-കരനെൽകൃഷി സബ്സിഡി-164/21 | 68,000 | |
| | | 37500 | സുഭിക്ഷകേരളം പദ്ധതി-പച്ചക്കറി തൈവിതരണം ഗ്രൂപ്പ് -165/21 | 37500 | |
| | | 121400 | സുഭിക്ഷകേരളം പദ്ധതി-ഇടവിളകൃഷി സബ്സിഡി-166/21 | 121400 | |
| | | 4,00,000 | ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ | 4,00,000 | |
| ആകെ | 96,250 | 912329 | | 1008579 | 0 |
| | | 85,000 | സമഗ്ര നെൽ കൃഷി വികസനം -30/21 | 85,000 | |
| | | 85,000 | സമഗ്ര നെൽ കൃഷി വികസനം -61/21 | 85,000 | |
| കണ്ണൂർജില്ലാ പഞ്ചായത്ത് | | 37500 | സുഭിക്ഷകേരളം പദ്ധതി-പച്ചക്കറിതൈവിതരണം ഗ്രൂപ്പ് -165/21 | 37500 | |
| | | 277530 | പാലിന് സബ്സിഡി -75/21 | 277530 | |
| ആകെ | 0 | 485030 | | 485030 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക്നൽകിയതുകയുടെവിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം.& തീയതി | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യ പത്രം പ്രകാരം | ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | ചെലവായ തുക | |
| ഭൂജല വകുപ്പ് | ഓടന്തോട് കുഴൽ കിണർ നിർമ്മാണം-9/21 | 27/20-21, 18.02.21 | 71,000 | 0 | 71,000 |
| | കൊളക്കാട് സെന്റ് സെബാസ്റ്റ്യൻ സ്കൂളിന് കുഴൽ കിണർ-197/21 | 28/20-21 , 18.02.21 | 88,000 | 0 | 88,000 |
| | പൂളക്കുറ്റി എൽ പി സ്കൂളിന് കുഴൽ കിണർ -198/21 | 29/20-21 , 18.02.21 | 76,000 | 0 | 76,000 |
| | പൂളക്കുറ്റി ലക്ഷം വീട് കോളനിക്ക് കുഴൽ കിണർ നിർമ്മാണം 202/21 | 134/20-21, 17.02.21 (എസിആർ ബിൽ നം ) | 79,000 | 0 | 79,000 |

## 4-4 മൊബിലൈസേഷൻഅഡ്വാൻസ് നൽകിയതിന്റെവിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

തൻ വർഷം വായ്പയിനത്തിൽ വരവില്ല. മുൻ വർഷാവസാനം ചെലവഴിക്കാൻ ബാക്കിയുള്ള തുകയുടെയും തിരിച്ചടച്ച തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പ ഇനം | ലഭിച്ച തുക | ഉത്തരവ് | മുൻവർഷാരംഭത്തിൽ തിരിച്ചടക്കാൻ ഉണ്ടായ തുക | ഒടുക്കിയ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഹഡ്കോ | 85,20,000 | ലഭ്യമല്ല | 82,33,235 | 9,51,804 | 72,81.431 |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

## സംബന്ധിച്ച വിവരങ്ങൾ

മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 19 | 2003-04 | 3.13.17 | സമഗ്ര നാളികേര വികസന പദ്ധതി-പമ്പ് സെറ്റ് വിതരണം അനർഹർക്ക് ആനുകൂല്യം നൽകി | പരാമർശം നിലനിൽക്കുന്നു |
| 2002-03 | 3-1 | 2006-07 | 3.99.1 | റോഡ് പ്രവൃത്തിക്ക് ടാർ വാങ്ങൽ തുക ദുരുപയോഗം ചെയ്തു | പരാമർശം നിലനിൽക്കുന്നു |
| ലഘു അവലോകനം | | 2012-13 | 2-7 | തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ദുരിതാശ്വാസ നിധി | പരാമർശം നിലനിൽക്കുന്നു |
| ലഘു അവലോകനം | | 2012-13 | 2-8 | തുടർ വിദ്യാഭ്യാസ പരിപാടി | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2012-13 | 3.4.5.2 | ലേബർ ബഡ്ജറ്റും കാർഷിക കർമ്മ പരിപാടി | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2012-13 | 3.4.3 | ഗ്രാമസഭകളുടെ പ്രവർത്തനം | പരാമർശം നിലനിൽക്കുന്നു |
| | | 2012-13 | 3.4.5.13 അനുബന്ധം-9.13 | ജാഗ്രതാ മേൽനോട്ട സമിതികൾ | പരാമർശം നിലനിൽക്കുന്നു |
| - | - | 2014-15 | 4.3.2.12 | ഒരേ വ്യക്തി ഒന്നിലധികം പെൻഷൻ വാങ്ങുന്നു | പരാമർശം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | ഖ.1 അനുബന്ധം-3 | വസ്തുനികുതി | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-8 | 2016-17 | ഖ.2 അനുബന്ധം-5 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

**(എ)സർചാർജ് നടപടികളുടെ വിവരം**

| ക്രമനമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 36 | ഡോ. റിച്ചാർഡ് ചർച്ചിൽ, അസി. പ്രൊഫസർ, വെറ്റിനറി കോളേജ് | LF/ 20011/ Spl Cell/ Sc4/ 02/ 15.5.03 | | 4000/- 41780/ 01/ 21-03-03 | - | - | - | 4000 | - | 41780/ 01/ 21.03.03 പ്രകാരം തുക ഒടുക്കിയിട്ടുണ്ട്. |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 2 | 1999-00 | 17 | ശ്രീ. സി.എം. മാണി, പ്രസിഡണ്ട്, കണിച്ചാർ ഗ്രാമപഞ്ചായത്ത് | LF/ 1160 (1)/ Spl Cell/ Sc 6/05/ 23.11.06 30.12.06 | 12000 | - | | - | - | - | 12000 | തുക ഒടുക്ക് വിവരം ലഭ്യമല്ല |
| 3 | 2000-01 | 12 | ശ്രീ ടി.വി. കുരുവിള, കൃഷി ഓഫീസർ | LF/ 7807 (4)/ Spl Cell/ Sc6/ 05/ 18.09.06 | 21000 | - | - | - | - | | 21000 | തുക ഒടുക്ക് വിവരം ലഭ്യമല്ല |
| 4 | 2008-09 | 3-3 | ശ്രീ. പി. ആർ. സലിമോൻ, വി.ഇ.ഒ | LF/ 10403/ Spl Cell/ CSCD3 /12 18.06.13 | 5200 | | | | | | 5200 | തുക ഒടുക്ക് വിവരം ലഭ്യമല്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48964047 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48110052 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5990 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1608550 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 (1-30) | | 5990 | ശ്രീമതി.നിഷ.പി.കെ അസിസ്റ്റന്റ്സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 183550 | ശ്രീ.ജോർജ്ജ്.കെ.ജെ (കൃഷി ഓഫീസർ) |
| 1-24 | 200000 | ശ്രീ.ജോർജ്ജ്.കെ.ജെ (കൃഷി ഓഫീസർ) |
| 1-25 | 8,00,000 | ശ്രീമതി.പ്രവീണ (ഡയറി ഫാം ഇൻസ്ട്രക്ടർ) |
| 1-26 | 50000 | ഡോ.ജോൺസൺ പോൾ (വെറ്റിനറി സർജ്ജൻ) |
| 1-27 | 3,50,000 | ഡോ.ജോൺസൺ പോൾ (വെറ്റിനറി സർജ്ജൻ) |
| 1-29 | 25000 | ശ്രീമതി.ബിന്ദു (ഐസി ഡിഎസ് സൂപ്പർവൈസർ) |
| ആകെ | 1608550 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേര് | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.ജോർജ്ജ്.കെ.ജെ കൃഷി ഓഫീസർ | കൃഷി ഓഫീസർ, മുഴക്കുന്ന് കൃഷിഭവൻ | കുഞ്ഞാനയിൽ ഹൗസ്, കൊളക്കാട് |
| ശ്രീ.ജോൺസൺ പോൾ വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, കൊളക്കാട് ഡിസ്പെൻസറി | പൊന്നെടുത്താം കുഴി,പൂളക്കുറ്റി |

| | | |
|---|---|---|
| ശ്രീമതി.പ്രവീണ (ഡയറി ഫാം ഇൻസ്ട്രക്ടർ) | ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റ് , കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | കുഞ്ഞിപറമ്പത്ത് ഹൗസ്, മുതിയങ്ങ,കാര്യാട്ട് പുറം |
| ശ്രീമതി.ബിന്ദു (ഐ.സിഡിഎസ് സൂപ്പർവൈസർ) | സിഡിപിഒ , കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | താമരന്റേവിട,വില്ല്യാപള്ളി , വടകര |
| ശ്രീമതി.നിഷ .പി.കെ (അസിസ്റ്റന്റ് സെക്രട്ടറി) | അസിസ്റ്റന്റ് സെക്രട്ടറി കണിച്ചാർ ഗ്രാമ പഞ്ചായത്ത് | തയ്യുള്ളതിൽ ഹൗസ്,പാനൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-1999 | കെ.എസ്.എ/ കെ.എൻ.ആർ/സി.11/ 896/2019/03-09-2019 | 01 |
| 1999-2000 | കെ.എസ്.എ/ കെ.എൻ.ആർ/സി.11/ 896/2019/03-09-2019 | 02 |
| 2000-2001 | കെ.എസ്.എ/ കെ.എൻ.ആർ/സി.11/ 896/2019/03-09-2019 | 01 |
| 2002-2003 | കെ.എസ്.എ/ കെ.എൻ.ആർ/സി.11/ 896/2019/03-09-2019 | 01 |
| 2003-2004 | കെ.എസ്.എ/ കെ.എൻ.ആർ/സി.11/896/ 2019/03-09-2019 | 04 |
| 2004-2005 | കെ.എസ്.എ/ കെ.എൻ.ആർ/സി.11/896/ 2019/03-09-2019 | 07 |
| 2005-2006 | കെ.എസ്.എ/ കെ.എൻ.ആർ/സി.11/896/ 2019/03-09-2019 | 08 |
| 2006-2007 | കെ.എസ്.എ/ കെ.എൻ.ആർ/സി.11/ | 06 |

| | | |
|---|---|---|
| | 896/2019/03-09-2019 | |
| 2007-2008 | കെ.എസ്.എ/ കെ.എൻ.ആർ/സി.11/ 896/2019/03-09-2019 | 04 |
| 2008-2009 | കെ.എസ്.എ/ കെ.എൻ.ആർ/സി.11/ 896/2019/03-09-2019 | 04 |
| 2009-10,2010-11 | കെ.എസ്.എ/ കെ.എൻ.ആർ/സി.11/ 896/2019/03-09-2019 | 18 |
| 2015-2016 | കെ.എസ്.എ/ കെ.എൻ.ആർ/സി.11/ 896/2019/03-09-2019 | 15 |
| 2016-2017 | കെ.എസ്.എ/ കെ.എൻ.ആർ/സി.11/ 896/2019/03-09-2019 | 05 |
| 2017-2018 | കെ.എസ്.എ/ കെ.എൻ.ആർ/സി.11/ 343/2019/27-04-2019 | 32 |
| 2018-19 | കെ.എസ്.എ/ കെ.എൻ.ആർ/സി.11/31/ 2021/01-02-2021 | 10 |
| 2019-20 | കെ.എസ്.എ/ കെ.എൻ.ആർ/സി.11/ 655/2022/01-06-2022 | 31 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1
# റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

**Kanichar Grama Panchayat**
**RECEIPT & PAYMENT STATEMENT**

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 8469321.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 503780.00 |
| 140000000 | Fees & User Charges | RP-4 | 702186.00 |
| 150000000 | Sale & Hire Charges | RP-5 | 62908.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 39005375.00 |
| 171000000 | Interest Earned | RP-9 | 159027.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4573497.00 |
| 350000000 | Other Liabilities | RP-36 | 626536.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-29 | 25000.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 169532.00 |
| 350000000 | Other Liabilities | RP-36 | 178704.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2807133.00 |
| 460000000 | Loans, Advances and Deposits | RP-47 | 150369.00 |
| | **Grand total** | | **57433368.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 1249951.00 |
| 220000000 | Administrative Expenses | RP-12 | 454266.00 |
| 230000000 | Operations & Maintenance | RP-13 | 676617.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4290707.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 10694734.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2272926.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 90333.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 303000.00 |
| 255000000 | Maintenance Projects | RP-20 | 10223363.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 94118.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 11460.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 5064249.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 1614.00 |
| 340000000 | Deposits Received | RP-34 | 1119544.00 |
| 350000000 | Other Liabilities | RP-36 | 1788368.00 |
| 410000000 | Fixed Assets | RP-38 | 2586658.00 |
| 412000000 | Capital work in Progress | RP-40 | 3426786.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1977309.00 |
| 460000000 | Loans, Advances and Deposits | RP-47 | 1784049.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 9234715.00 |
| Cash | Cash | RP-40(b) | 88601.00 |
| | **Grand Total** | | **57433368.00** |

## അനുബന്ധം-3-2
## ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെൻറ്

**Kanichar Grama Panchayat**
**INCOME & EXPENDITURE STATEMENT**

For the period from 01-April-2020 to 31-March-2021

| Code.No. | Description of Items | Schedule No. | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 3169934.00 |
| 130000000 | Rental Income from Panchayat/Municipal Properties | I-3 | 83000.00 |
| 140000000 | Fee & User Charges | I-4(b) | 857586.00 |
| 150000000 | Sale & Hire Charges | I-5(b) | 64058.00 |
| 160000000 | Revenue Grants, Funds, Contributions & Compensations/ Subsidies | I-6 | 107174059.00 |
| 171000000 | Interest Earned | I-8 | 159027.00 |
| 180000000 | Other Income | I-9 | 13231.00 |
| | **Total Income** | | **111520895.00** |
| | **EXPENDITURE** | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | I-10(b) | 8169474.00 |
| 220000000 | Administrative Expenses | I-11(b) | 651238.00 |
| 230000000 | Operations & Maintenance | I-12(b) | 708457.00 |
| 240000000 | Interest & Finance Charges | I-13 | 1614.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4597143.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 45720630.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2124340.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 90333.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 29588000.00 |
| 255000000 | Maintenance Projects | I-14(e) | 10223363.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 334118.00 |
| 272000000 | Depreciation | I-17(a) | 8384358.00 |
| | **Total Expenditure** | | **110593068.00** |
| | **Gross Surplus/ Deficit of income over Expenditure** | | **927827.00** |
| 280000000 | Prior Period Item | I-18 | 38850.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **888977.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## <u>അനുബന്ധം-3-3</u>

# ബാലൻസ് ഷീറ്റ്

| Kanichar Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -11059049.00 |
| 311000000 | Earmarked Funds - Special Funds/ Sinking Fund/Trust or Agency Fund | B-2 | 29440.00 |
| 312000000 | Reserves | B-3 | 71439437.00 |
| | **Total Reserve & Surplus** | | **60409828.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7574557.00 |
| | **Total Grants, Contributions for Specific Purposes** | | **7574557.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 7281431.00 |
| | **Total Loans** | | **7281431.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 800864.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 1530879.00 |
| | **Total Current Liabilities and Provisions** | | **2331743.00** |
| | **TOTAL LIABILITIES** | | **77597559.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 100970886.00 |
| 411000000 | Accumulated Depreciation | B-11 | -38347214.00 |
| 412000000 | Capital Work in Progress | B-11(a) | 2226239.00 |
| | **Total Fixed Assets** | | **64849911.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 2135742.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 9323316.00 |
| 460000000 | Loans, Advances and Deposits | B-18 | 1288590.00 |
| | **Total Current Assets, Loans and Advances** | | **12747648.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **77597559.00** |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.